ശ്രീ. പോൾ തളിയത്തു്: ലോൺ കൊടുത്ത തുക മാസംതോറും അടക്കാതെ വീഴ്ചവരുത്തുന്ന വ്യവസായശാലകൾ ഉണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ചില കമ്പനികൾ വീഴ്ച വരുത്താറുണ്ടു്.

ശ്രീ. പോൾ തളിയത്തു്: അതിലേക്കു വല്ല നടപടിയും എടുക്കണമെന്നു് ഗവണ്മെണ്ടു് വിചാരിക്കുന്നില്ലേ?

ശ്രീ. എൻ. കുഞ്ഞുരാമൻ: നിശ്ചയമായും എടുക്കുന്നുണ്ടു്. പിനൽക്ലോസു് അനുസരിച്ചു് വേണ്ട നടപടി എടുക്കുന്നതായിരിക്കും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഏതെല്ലാം കമ്പനികളാണു് അടക്കാനുള്ള തുക മുടക്കികൊണ്ടിരിക്കുന്നതെന്നു് പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതിന്റെ ഒരു ലിസ്റ്റ് ഇപ്പോൾ എന്റെ കൈവശമില്ല.

SPECIAL AUDIT OF CO-OPERATIVE CONCERNS

*580 [27] **Sri. Paul Thaliath:** Will the Hon'ble Minister for Co-operative Societies be pleased to state.—

(*a*) whether it is a fact that a special Government auditor was appointed to conduct a special audit of the accounts of some of the co-operative concerns working in the Trivandrum City;

(*b*) if so, whether he has finished his work and reported;

(*c*) whether any case of mismanagement or misappropriation of funds has been reported by him; and

(*d*) if so the action taken in the matter?

Minister for Industries, Excise and Local Self Government **[Sri. N. Kunjuraman]:** (*a*) Yes.

(*b*) Yes.

(*c*) Yes.

(*d*) The case is under investigation by a Special Tribunal.

ശ്രീ. പോൾ തളിയത്തു്: ഏതെല്ലാം കോവാപ്പ്രേറീവ് കൺസേൺ ആണു് ആഡിറ്റ ചെയ്തിട്ടുള്ളതെന്നു് പറയാൻ ഭയവുണ്ടാകുമോ?

Sri. N. Kunjuraman: I have not got the details before me.

ശ്രീ. പോൾ തളിയത്തു്: ഇങ്ങനെയൊരു സ്പെഷ്യൽ ആഡിറ്റ് ചെയ്യണമെന്നു് വിചാരിക്കുന്നതിനു വല്ല കാരണവുമുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: കാരണമുണ്ടു്. ആഡിറ്റ ചെയ്യണമെന്നു് ഗവണ്മെണ്ടു് വിചാരിച്ചതുതന്നെ ചില ഇൻഫർമേഷന്റെ ഫലമായിട്ടാണു്.

ശ്രീമതി ദേവകീഗോപിദാസ്: എല്ലാ കോവാപ്പ്രേറീവ് കൺസേണുകളും കൂടക്കൂടെ ആഡിറ്റ ചെയ്യേണ്ടതല്ലേ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ചെയ്യേണ്ടതാണു്. എങ്കിലും സംശയമുള്ള കേസുകൾക്കു മാത്രമേ പെട്ടെന്നു് ആഡിറ്റ് നടത്തുകയുള്ളൂ.

(Question No. 28 was not put as a similar question was already answered).

ഗ്രാമപ്പഞ്ചായത്തുകൾ

* 29. (പേൻ) ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly

(എ) നമ്മുടെ സ്റ്റേറ്റിൽ ഗ്രാമപ്പഞ്ചായത്തുകളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ എന്നു നടത്താനാണ് തീരുമാനിച്ചിരിക്കുന്നതു്;

(ബി) അതു സംബന്ധിച്ചുള്ള ഒരുക്കങ്ങൾ എന്തെല്ലാം ചെയ്തുകഴിഞ്ഞിട്ടുണ്ടു്?

വ്യവസായവും, എക്സൈസും, പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ) സമ്മതിദായകന്മാരുടെ പട്ടിക പുതുക്കിയായതിന്റെ ശേഷം.

(ബി) പട്ടിക തയ്യാറാക്കിവരികയാണു്.

* എക്കണോമിക്സ് ഡവലപ്പ്മെന്റ് ബോർഡ്

* 8 വ്യവ. (സ്റ്റാ) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സംസ്ഥാനത്തെ വ്യവസായാഭിവൃദ്ധിയെ പ്രസ്തുത ബോർഡ് ഏതെങ്കിലും വിധത്തിൽ സഹായിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എങ്ങനെ?

(ബി) പ്രസ്തുത ബോർഡിലെ ഇപ്പോഴത്തെ അംഗങ്ങൾ ആരെല്ലാം; അവരെ നിയമിച്ചിട്ടു എത്ര കാലമായി?

വ്യവസായവും, എക്സൈസും, പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ) സംസ്ഥാനത്തെ വ്യവസായാഭിവൃദ്ധിക്കായി എക്കണോമിക്സ് ഡെവലപ്പ്മെന്റ് ബോർഡ് നേരിട്ടും അല്ലാതെയും വളരെ സഹായങ്ങൾ നൽകിയിട്ടുണ്ടു്. ഇന്നു അഭിവൃദ്ധിയിൽ വന്നിട്ടുള്ള പല വ്യവസായങ്ങളും ബോർഡു നൽകിയ പ്രോത്സാഹനത്തിന്റെ ഫലമായാണു് ആരംഭിച്ചിട്ടുള്ളതു്. സെറാമിക്സ്, തീപ്പെട്ടി, കാസ്റ്റിക്സോഡാ, തുണി, നൂൽ, ബട്ടൺ, സോപ്പു്, പഞ്ചസാര മുതലായ സാധനങ്ങൾ നിർമ്മിക്കുന്നതിനുള്ള ഫാക്ടറികൾ ബോർഡിന്റെ തീരുമാനമനുസരിച്ചു് ആരംഭിച്ചിട്ടുള്ളവയാണു്. ഉപവ്യവസായം പരിഷ്കൃതമായ രീതിയിൽ സംഘടിപ്പിക്കുന്നതിനു ബോർഡു വളരെ സഹായിച്ചിട്ടുണ്ടു്. മരച്ചീനിവ്യവസായം ആദ്യമായി ആരംഭിക്കുന്നതിനു വേണ്ട ഒത്താശകൾ നൽകിയതു് ബോർഡിൽനിന്നുമാണു്. കൂടാതെ വ്യവസായങ്ങളുടെ പൊതുവിലുള്ള അഭിവൃദ്ധിക്കുതകുന്നവിധത്തിൽ ഒരു Industrial Museum (S. M. S. M. Industrial Museum) സ്റ്റോറു് എയിഡഡ് ബാങ്കു്, ആലപ്പുഴ ചെയിംബർ ഓഫ് കാമേഴ്സ് മുതലായ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്നതിനു ബോർഡു മുൻകൈ എടുത്തു പ്രവർത്തിച്ചിട്ടുണ്ടു്. ബോർഡിന്റെ ശുപാർശയനുസരിച്ചാണു് വ്യവസായികവായ്പകൾ നൽകിവന്നിരുന്നതു്. ഇങ്ങനെ വളരെ കാര്യങ്ങൾ ബോർഡുചെയ്തിട്ടുണ്ടു്.

(ബി) പ്രസ്തുത ബോർഡു് ഇപ്പോൾ നിലവിലില്ല.

ശ്രീ. ആർ. ശങ്കർ: ഈ പ്രസ്തുത ബോർഡ് എന്നു പറയുന്നതു് ഏതു ബോർഡാണു്.

ശ്രീ. എൻ. കുഞ്ഞുരാമൻ: എക്കണോമിക്സ് ഡെവലപ്പ്മെന്റ് ബോർഡു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ബോർഡിന്റെ പ്രവർത്തനം നിർത്തിക്കളഞ്ഞതു് എന്തുകൊണ്ടാണെന്നു് പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ബോർഡു ചെയ്തുകൊണ്ടിരുന്ന പ്രവർത്തനം ബോർഡിന്റെ സഹായമില്ലാതെതന്നെ ചെയ്യാൻ സാധിക്കുമെന്നുള്ളതുകൊണ്ടാണു്.

LIBRARY ARCHIVES Kerala Legislative Assembly